<u>**15 -ാം കേരള നിയമസഭ**</u>

<u>**11 -ാം സമ്മേളനം**</u>

<u>**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 879**</u> <u>**12-06-2024 - ൽ മറുപടിയ്ക്ക്**</u>

<u>**മന്ത്രിസഭയുടെ അംഗീകാരത്തോടെ നടപ്പാക്കിയ പദ്ധതികൾ**</u>

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ധനകാര്യവകുപ്പിന്റെ അനുമതിയില്ലാതിരുന്നിട്ടും മന്ത്രിസഭയുടെ അംഗീകാരത്തോടെ പട്ടികജാതി പട്ടിക വർഗ്ഗ വികസന വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികൾ,പ്രവർത്തനങ്ങൾ,തീരുമാനങ്ങൾ ഇവ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (എ) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ വഞ്ചിയോട് കിന്റർ ഗാർട്ടനിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി പത്തുവർഷത്തിലധികമായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി സരിതാ കുമാരി.എ യെ - OA (EKM)1354/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.10.2021 – ലെ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുവാൻ കൈക്കൊണ്ട തീരുമാനം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു.<br><br>ലൈഫ്മിഷൻ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സങ്കേതത്തിന് പുറത്ത് എന്ന മാനദണ്ഡം ഇല്ലാതെ 6 ലക്ഷം രൂപാ നിരക്കിൽ ഏകീകരിച്ച് ഉത്തരവായത് ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. |
| (ബി) | മേൽപ്പറഞ്ഞ ഓരോ വിഷയത്തിലും ധനകാര്യ വകുപ്പ് നൽകിയ റിമാർക്ക്സ് എന്തായിരുന്നു;ഓരോ തീരുമാനവും സംബന്ധിച്ച ക്യാബിനറ്റ് നോട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (ബി) | പട്ടികവർഗ്ഗ വികസന വകുപ്പിനു കീഴിൽ വഞ്ചിയോട് കിന്റർ ഗാർട്ടനിൽ പ്രതിമാസ ഹോണറേറിയം വ്യവസ്ഥയിൽ കിന്റർഗാർട്ടൻ ടീച്ചറായി പത്തുവർഷത്തിലധികമായി ജോലി ചെയ്തു വന്നിരുന്ന ശ്രീമതി സരിതാ കുമാരി.എ യെ - OA (EKM)1354/2017 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 27.10.2021 – ലെ വിധിയുടെ അടിസ്ഥാനത്തിൽ സ്ഥിരപ്പെടുത്തുവാൻ കൈക്കൊണ്ട തീരുമാനം ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. |

| | | | |
|---|---|---|---|
| | | | ലൈഫ്മിഷൻ പദ്ധതി പ്രകാരം പട്ടികവർഗ്ഗ വിഭാഗക്കാർക്ക് അനുവദിക്കുന്ന ഭവന നിർമ്മാണ ധനസഹായം പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സങ്കേതത്തിന് പുറത്ത് എന്ന മാനദണ്ഡം ഇല്ലാതെ 6 ലക്ഷം രൂപാ നിരക്കിൽ ഏകീകരിച്ച് ഉത്തരവായത് ധനകാര്യ വകുപ്പിന്റെ എതിർപ്പിനെ മറികടന്ന് മന്ത്രിസഭാ യോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. |
| (സി) | ഓരോന്നും നടപ്പാക്കിയതിലൂടെ എത്ര രൂപയുടെ ബാധ്യത ഉണ്ടായതായി കണക്കാക്കുന്നു;വിശദാംശം നൽകാമോ? | (സി) | തീരുമാനങ്ങൾ നടപ്പാക്കിയതിലൂടെ ഉണ്ടായ സാമ്പത്തിക ബാധ്യത സംബന്ധിച്ച വിവരം ശേഖരിച്ച് നൽകുന്നതാണ് . |

സെക്ഷൻ ഓഫീസർ